LIBRARY ARCHIVES Kerala Legislative Assembly

സ്വജൽധാരാ പദ്ധതി

*14 [44] ശ്രീ. പി. നാരായണൻ:
" ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എൻ. രാജൻ:
" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വജൽധാര പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സ്വജൽധാര പദ്ധതി പ്രകാരം എത്ര പദ്ധതികൾ കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചു; എത്ര പദ്ധതികൾക്ക് അനുമതി ലഭിച്ചു;

(സി) അനുമതി ലഭിച്ച പദ്ധതികൾക്കെല്ലാംകൂടി എത്ര കോടി രൂപ ആവശ്യമാണ്;

(ഡി) ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം എത്രയാണെന്നും, ഗുണഭോക്തൃവിഹിതം എത്രയാണെന്നും വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്. 2002-2003 സാമ്പത്തിക വർഷം മുതലാണ് സംസ്ഥാനത്ത് സ്വജൽധാര പദ്ധതി ആരംഭിച്ചത്.

(ബി) സ്വജൽധാര പദ്ധതി പ്രകാരം 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിലായി 554 പദ്ധതികൾ കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചു. 2002-2003-ൽ 118 പദ്ധതികൾക്കും 2003-2004-ൽ 82 പദ്ധതികൾക്കും അനുമതി ലഭിച്ചു.

(സി) 11.84 കോടി രൂപ.

(ഡി) ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം 10.49 കോടി രൂപയും ഗുണഭോക്തൃവിഹിതം 1.35 കോടി രൂപയുമാണ്. സ്വജൽധാരാ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമില്ല.

ട്രോളിംഗ് നിരോധനം

*15 [45] ശ്രീ. കെ. രാധാകൃഷ്ണൻ:
" ടി. കെ. ബാലൻ:
" വി. കെ. സി. മമ്മത് കോയ:
" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിനുശേഷമുള്ള സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ട്രോളിംഗ് നിരോധനത്തിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;